# ACADEMIC MASTER PLAN

# 2025 – 2026

## ഉള്ളടക്കം

ആമുഖം

പൊതുലക്ഷ്യങ്ങൾ

വിദ്യാലയ മികവിന്റെ കാഴ്ചപ്പാട്

നിലവിലെ അവസ്ഥാ വിശകലനം

മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ

# ആമുഖം

പത്തനംതിട്ട ജില്ലയിലെ കിഴക്കിന്റെ റാണി എന്നറിയപ്പെടുന്ന റാന്നി താലൂക്കിലെ അങ്ങാടി പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന ഏക ഹയർ സെക്കന്ററി വിദ്യാലയമാണ് എബനേസർ. H.S.S. ഏകദേശം 75 വർഷത്തെ പ്രവർത്തനം കാത്തു സൂക്ഷിക്കുന്ന സ്കൂളിൽ ഇപ്പോൾ V - X ക്ലാസ്സുകളിലായി 139 വിദ്യാർത്ഥികളും ഹയർസെക്കന്ററി വിഭാഗത്തിൽ 140 കുട്ടികളും വിദ്യ അഭ്യസിക്കുന്നു. H.M ആയി Smt. Sheeja.S പ്രവർത്തിക്കുന്നു. ഹയർ സെക്കണ്ടറി വിഭാഗത്തിന്റെ പ്രിൻസിപ്പലായി ശ്രീ അരുൺ സർ സേവനം അനുഷ്ഠിക്കുന്നു. വർഷങ്ങളായി S.S.L.C പരീക്ഷയിൽ 100% വിജയം നേടുവാൻ സ്കൂളിനു കഴിഞ്ഞു എന്നത് അഭിമാനിക്കാവുന്ന നേട്ടം ആണ്.

# പൊതുലക്ഷ്യങ്ങൾ

- സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികളും അതത് ക്ലാസ്സിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പു വരുത്തുക
- ഓരോ ഘട്ടത്തിലും കുട്ടി നേടേണ്ട അറിവും കഴിവും മുൻകൂട്ടി തയ്യാറാക്കുക
- കുട്ടികളുടെ സർഗ്ഗപരവും അക്കാദമികവും കായികപരവുമായ കഴിവുകൾ പരമാവധി പ്രോത്സാഹിപ്പിച്ച് ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിക്കാൻ പ്രാപ്തരാക്കുക.
- എല്ലാ കുട്ടികൾക്കും മലയാളം, ഹിന്ദി, ഇംഗ്ലീഷ് ഭാഷകൾ സംസാരിക്കാനും വായിക്കാനും എഴുതാനും ഉള്ള കഴിവ് ഉറപ്പു വരുത്തുക
- സാമൂഹ്യബോധം ഉള്ള മികച്ച പൗരൻമാരായി കുട്ടികളെ മാറ്റുക.
- കുട്ടികളെ മികവിന്റെ ഉടമകളാക്കുക
- വിദ്യാലയം മികവിന്റെ കേന്ദ്രങ്ങളാക്കുക
- പഠനം രസകരവും അനായാസകരവും ആക്കാൻ സാങ്കേതിക വിദ്യ ഉപയോഗിക്കുക

വിദ്യാലയത്തിന്റെ പേര് - എബനേസർ ഹയർ സെക്കണ്ടറി - സ്കൂൾ

പഞ്ചായത്ത് - അങ്ങാടി

ബി.ആർ.സി - റാന്നി.

വിദ്യാഭ്യാസ ഓഫീസ് - പത്തനംതിട്ട

വിദ്യാഭ്യാസ ഉപഡയറക്ടർ ഓഫീസ് - പത്തനംതിട്ട

ജില്ല - പത്തനംതിട്ട

ക്ലാസുകൾ - 5 മുതൽ 12 വരെ

ഫോൺ നമ്പർ - 8590892784

ഇ-മെയിൽ ഐഡി - ebenezerhighschool335@gmail.com

5 മുതൽ 10 വരെയുള്ള ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികളുടെ എണ്ണം ചുവടെ നൽകിയിരിക്കുന്നു

| ക്ലാസ്സ് | കുട്ടികൾ |
|---|---|
| V | 27 |
| VI | 19 |
| VII | 22 |
| VIII | 23 |
| IX | 23 |
| X | ~~25~~ 26 |
| Total | ~~139~~ 140 |

ഹൈസ്കൂളിൽ 3 ക്ലാസ്സുകൾക്ക് Subject അധ്യാപകർ 3 ഭാഷാ അധ്യാപകരും യു. പി. വിഭാഗത്തിൽ 3 അധ്യാപകരും പ്രവർത്തിക്കുന്നു. ഇതു കൂടാതെ 4 അനധ്യാപകരും ഭിന്നശേഷി വിഭാഗത്തിൽ ഒരു അധ്യാപികയും സേവനം അനുഷ്ഠിക്കുന്നു.

## മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ

### അക്കാദമികം

- ഭാഷാശേഷി വികസനം
- ഗണിതശേഷി വികസനം
- ഇംഗ്ലീഷ്, ഹിന്ദി, മലയാളം പഠന പരിപോഷണം
- വായന പരിപോഷണം
- പഠനയാത്രകൾ
- കലാ കായിക ശാസ്ത്ര മേളകൾ
- മത്സര പരീക്ഷ പരിശീലനം

### ഭൗതികം

- വിശ്രമ മുറി
- വായന മുറി
- ഉദ്യാനം
- ഡൈനിങ് ഹാൾ
- കലാകായിക പ്രവർത്തി പരിചയ മേള

### സാമൂഹികം

- വിദ്യാലയ വികസന സമിതി
- വിദ്യാഭ്യാസ പ്രവർത്തകർ, പൂർവ്വ അധ്യാപകർ, വ്യവസായ ഗ്രൂപ്പുകൾ എന്നിവയുടെ സേവനം പ്രയോജനപ്പെടുത്തൽ
- വിദ്യാലയ മികവുകൾ പൊതു സമൂഹവുമായി പങ്കിടൽ
- ഭവന സന്ദർശനം

## നിലവിലെ അവസ്ഥാ വിശകലനം

### ഭൗതിക നേട്ടങ്ങൾ

- എല്ലാ ക്ലാസ്സ് മുറികളിലും ആവശ്യത്തിന് വെട്ടവും വായുവും ലഭ്യമാണ്
- ക്ലാസ്സ് മുറികൾ പ്രൊജക്ടർ ഉപയോഗിച്ച് ഹൈടെക് സംവിധാനം ലഭ്യമാക്കി.
- ഐ.ടി ലാബുകൾ, ലൈബ്രറി എന്നിവ സ്കൂളിൽ പ്രവർത്തിക്കുന്നു
- മാനേജ്മെന്റ് നൽകിയ 3 സ്കൂൾ ബസുകളും ഒരു സുമോയും സ്കൂളിന് ഉണ്ട്.
- ആവശ്യത്തിന് ശൗചാലയങ്ങൾ പെൺകുട്ടികൾക്കും ആൺകുട്ടികൾക്കും പ്രത്യേകം ഉണ്ട്.
- സ്കൂളിന് ചുറ്റുമതിലും പ്രധാന കവാടവും ഉണ്ട്.

## ഭൗതിക പരിമിതികൾ

- വായനാ മുറി
- പെൺകുട്ടികൾക്കായുള്ള വിശ്രമ മുറി
- ജൈവവൈവിധ്യ പാർക്ക്
- ആകർഷമായ പൂന്തോട്ടം
- ഭക്ഷണശാല

## അക്കാദമിക നേട്ടങ്ങൾ

തുടർച്ചയായി വർഷത്തിലേറെയായി S.S.L.C പരീക്ഷയിൽ 100% ശതമാനം വിജയം കരസ്ഥമാക്കാൻ സ്കൂളിന് കഴിഞ്ഞു. വളരെ മികച്ചരീതിയിൽ പ്രവർത്തിക്കുന്ന Scout, JRC യൂണിറ്റുകൾ സ്കൂളിൽ ഉണ്ട്

## അക്കാദമിക പരിമിതികൾ

- വിവിധ മത്സര പരീക്ഷകളിലെ കുട്ടികളുടെ മികവ് ഇനിയും മെച്ചപ്പെടേണ്ടതുണ്ട്
- സയൻസ് ലാബ് വിപുലീകരിക്കുന്നതിന് ആവശ്യമായ ഉപകരണങ്ങളുടെ അപര്യാപ്തത.
- കായിക പരിശീലനത്തിന് ആവശ്യമായ അധ്യാപകൻ ഇല്ല.

## വിദ്യാലയം മികവിന്റെ കേന്ദ്രം

- മികവാർന്ന ശേഷികളും ധാരണയും ഓരോ കുട്ടിയും നേടുന്നു എന്നത് ഉറപ്പു വരുത്തൽ
- പാഠ്യ പാഠ്യാനുബന്ധ പ്രവർത്തനങ്ങളിൽ കുട്ടികൾ പങ്കെടുക്കുന്ന അന്തരീക്ഷം സൃഷ്ടിക്കൽ
- സാമൂഹ്യബോധം, ശുചിത്വം, ദീനാനുകമ്പ എന്നിവ വളർത്തി എടുക്കുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കൽ
- പരിസ്ഥിതി അവബോധത്തോടെ ജീവിക്കാനും വരും തലമുറക്ക് വിഭവങ്ങൾ കൈമാറാനും ഉള്ള സുസ്ഥിര വികസന കാഴ്ചപ്പാട് പഠിക്കുവാൻ കുട്ടികളെ പ്രാപ്തരാക്കൽ

## പ്രതീക്ഷിക്കുന്ന നേട്ടങ്ങൾ

- വിദ്യാർത്ഥികൾക്ക് ഇടയിൽ സ്നേഹവും സഹവർത്തിത്വവും വളർത്തുക
- കുട്ടികളെ സാമൂഹിക പ്രതിബന്ധതയുള്ള പൗരൻ മാരായി വളർത്തുക
- വിദ്യാർത്ഥികളും അധ്യാപകരും രക്ഷിതാക്കളും ചേർന്ന് ഉള്ള കൂട്ടായ പ്രവർത്തനം

## മേഖല യു.പി. മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) ഭാഷയുടെ - അടിസ്ഥാന ശേഷി വികസനം. ആശയ സംവേദനം നടത്താനും പദസമ്പത്ത് വളർത്താനും പഠിതാക്കളെ പ്രാപ്-തരാക്കുക. | എന്റെ അവധിക്കാലം : പഠിതാക്കൾ അവരുടെ അവധിക്കാല അനുഭവങ്ങൾ വിവിധ വ്യവഹാരങ്ങളിലൂടെ (കഥ, കവിത, യാത്രാനുഭവം, അനുഭവ കുറിപ്പ്) അവതരിപ്പിക്കുന്നു | ജൂൺ മാസം | മലയാളം അധ്യാപകർ | |
| | ഭാഷാകേളി : അക്ഷരങ്ങളും പദങ്ങളും ആവർ-ത്തിച്ച് വരുന്ന വരികൾ ഉച്ചരിച്ച്- അക്ഷരശുദ്ധി, ആസ്വാദനം എന്നിവ വളർത്തുന്നു | ജൂൺ മാസം | മലയാളം അധ്യാപ-കർ | |
| | വാക്കുകളിൽ നിന്നും വാക്യത്തി-ലേക്ക് : അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾ-പ്പെട്ട കാർഡുകൾ പ്രയോഗിച്ച് പദങ്ങളുടെയും വാക്യങ്ങളുടെയും നിർമ്മാണം. | ജൂൺ മാസം | മലയാളം അധ്യാപകർ. | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 2) പഠിതാവിൽ - അർത്ഥപൂർണ്ണമായ വായന ഉറപ്പ് വരുത്തുക. | വാർത്താലോകത്തേക്ക് : പത്രം, ആഴ്ച പതിപ്പ്, മാസികകൾ എന്നിവ പഠിതാക്കൾ വായിക്കുകയും പ്രതികരണശേഷി ഉണർത്തുകയും ഉച്ചാരണശുദ്ധി വളർത്തുകയും ചെയ്യുന്നു. | എല്ലാദിവസവും | മലയാളം അധ്യാപകർ | |
| | വാർത്താവായന : നവമാധ്യമങ്ങളുടെ സഹായത്താൽ സ്ക്രീനിൽ തെളിയുന്ന വാർത്തകൾ കുട്ടികളെ കൊണ്ട് വായിപ്പിക്കുന്നു. ക്ലാസ് തലത്തിൽ വായന നടത്തി - തിരഞ്ഞെടുത്ത കുട്ടികൾക്ക് അവസരം നൽകുന്നു. | പ്രതിമാസം | മലയാളം ക്ലബ്ബ് | |
| | അതാത് മാസത്തെ പ്രധാന സംഭവങ്ങൾ ക്ലാസ്, സ്കൂൾ, ലൈബ്രറി - പുസ്തകങ്ങൾ എന്നിവയെ ആസ്പദമാക്കി ക്വിസ് മത്സരം നടത്തുന്നു. | വർഷത്തിൽ മൂന്ന് പ്രാവശ്യം | മലയാളം ക്ലബ്ബ് | മലയാളം - ക്ലബ്ബ്. |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 3) സാഹിത്യ കൃതികളോടും സാഹിത്യകാരോടുമുള്ള അനുകൂല മനോഭാവം വളർത്തുക വഴി പഠിതാക്കളുടെ സർഗ്ഗശേഷി വളർത്തൽ | സംവാദം/ മുഖാമുഖം : സാഹിത്യകാരന്മാർ, എഴുത്തുകാർ, കലാകാരന്മാർ എന്നിവരുമായുള്ള അഭിമുഖ സംഭാഷണവും സംവാദങ്ങളും സംഘടിപ്പിക്കുന്നു. | വർഷത്തിൽ രണ്ട് പ്രാവശ്യം | ഹെഡ്മിസ്ട്രസ്, മലയാളം അധ്യാപകർ | പി.ടി.എ |
| 4) മലയാളം കമ്പ്യൂട്ടറിംഗ് പരിജ്ഞാനം നേടി എടുക്കലും സർഗാത്മകശേഷി വളർത്തലും | ഇ കമ്പ്യൂട്ടറിംഗ് : മുഴുവൻ കുട്ടികളെയും മലയാളം കമ്പ്യൂട്ടറിംഗ് പരിശീലിപ്പിക്കുകയും ഇ-മാഗസിൻ പ്രസിദ്ധീകരിക്കുകയും ചെയ്യുന്നു. | രണ്ട് വർഷം | മലയാളം, ഐ.ടി അധ്യാപകർ | മലയാളം ക്ലബ്ബ് |
| | മുഴുവൻ പഠിതാക്കളുടെയും സർഗാത്മക രചനകൾ ഉൾക്കൊള്ളിച്ച് കൊണ്ട് സ്കൂൾ മാഗസിൻ തയ്യാറാക്കുന്നു. | വർഷാവസാനം | മലയാളം അധ്യാപകർ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 5) പഠിതാക്കളുടെ കലാവാസനകളെ പരിപോഷിപ്പിക്കൽ | രംഗാവിഷ്കാരം: പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ചൊൽക്കാഴ്ചകൾ, ലഘു നാടകങ്ങൾ തുടങ്ങിയവ സ്കൂൾ അസംബ്ലിയിൽ അവതരിപ്പിക്കാൻ അവസരം നൽകുന്നു. വിദഗ്ധമായ നാടക കലാകാരന്മാരെയും മറ്റ് കലാകാരന്മാരെയും പങ്കെടുപ്പിച്ച് കൊണ്ട് ശില്പശാലകൾ നടത്തുന്നു. | അക്കാദമിക് വർഷം | പി.ടി.എ, സ്കൂൾ | പി.ടി.എ |
| 6) കുട്ടികളുടെ ആകാശവാണി സെന്റ് മേരീസ് എഫ്.എം അവതരണ മികവ് | എബനേസർ എഫ്.എം: വിശേഷ ദിനങ്ങളും ദിനാചരണങ്ങളുമായി ബന്ധപ്പെട്ട പരിപാടികൾ അവതരിപ്പിക്കുന്നു. വിവിധ രംഗങ്ങളിൽ മികവ് തെളിയിക്കുന്ന കുട്ടികളുമായുള്ള അഭിമുഖം നടത്തുന്നു. വായിച്ച പുസ്തകങ്ങളിൽ ഏറ്റവും മികച്ചതിന്റെ ആസ്വാദനം തയ്യാറാക്കി അവതരിപ്പിക്കുന്നു. | തുടക്കത്തിൽ ആഴ്ചയിൽ ഒന്ന്, പിന്നീട് എല്ലാ ദിവസവും | ക്ലാസ് ലീഡർമാർ, സ്കൂൾ ലീഡർ, മലയാളം അധ്യാപകർ | വിവിധ ക്ലബ്ബുകൾ, പി.ടി.എ |

# മേഖല - ഭാഷകൾ - മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| 1. വായനാശീലം കുട്ടികളിൽ വളർത്തുക. | ലൈബ്രറിയുടെ ഉപയോഗം കുട്ടികളിൽ കൂടുതൽ എത്തിക്കുവാൻ വേണ്ടിയുള്ള പ്രവർത്തനങ്ങൾ നൽകുന്നു. | ജൂൺ മുതൽ | മലയാളം അധ്യാപിക. | |
| 2. ക്ലാസ്മുറികളിൽ സർഗാത്മക രചനകളിൽ ഏർപ്പെടാനുള്ള അവസരം സൃഷ്ടിക്കുക | സർഗാത്മക കഴിവുകൾ വളർത്തുന്നതിനാവശ്യമായ മത്സരങ്ങളും പ്രോത്സാഹനവുമായി ബന്ധപ്പെട്ട് റോൾ പ്ലേ, നാടകം, കഥ, കവിതാരചന എന്നിവ നടത്തുവാൻ തീരുമാനിച്ചു. | ജൂൺ മുതൽ | മലയാളം അധ്യാപിക. | |
| 3. സാഹിത്യാഭിരുചി വളർത്തുന്നതിന്റെ ഭാഗമായി ശ്രേഷ്ഠകൃതികൾ പരിചയപ്പെടുന്നതിനും പരന്ന വായനയിലൂടെ പുതിയ അറിവുകൾ സൃഷ്ടിക്കുന്നു. | എഴുത്തുകാരെയും മറ്റും പരിചയപ്പെടുത്തുന്നതിനുള്ള അഭിമുഖങ്ങൾ സംഘടിപ്പിക്കുക പഠനയാത്രകൾ നടത്തുക. | അക്കാദമിക വർഷം | മലയാളം അധ്യാപകർ | രക്ഷിതാക്കൾ പി.ടി.എ |

# അക്കാദമിക് മാസ്റ്റർ പ്ലാൻ - ഹിന്ദി

| Sl No. | Programme | Activity | Duration | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 1. | UP തലത്തിലെ എല്ലാ കുട്ടികളും അക്ഷരങ്ങളും പദങ്ങളും ആശയങ്ങളും ഉറപ്പിക്കൽ | • അക്ഷരം എഴുത്ത്<br>• ചിഹ്നം ഉറപ്പിക്കൽ<br>• അക്ഷരകാർഡ്, വാക്കുകൾ എഴുതിയ കാർഡ്<br>• class-ൽ അക്ഷരവല പ്രദർശനം<br>• ഓൺലൈൻ അക്ഷരമാല കളികൾ<br>• വാക്കുകൾ എഴുതിയ കാർഡുകൾ<br>• വാക്യകൾ നിർമ്മാണം<br>• വാക്യങ്ങളുടെ നിർമ്മാണം<br>(HS വിഭാഗത്തിലെ പിന്നാക്കാവസ്ഥയിലുള്ള കുട്ടികളിൽ PRE-TEST നടത്തി, മുകളിലെ പ്രവർത്തനങ്ങൾ നടപ്പിലാക്കിൽ) | JUNE to August | അക്ഷര ചാർട്ട്, പാഠപുസ്തകം | BRC<br>DIET<br>SCERT<br>Resource Teachers |
| 2, | വീട് അനുബന്ധിച്ചതായ (കാണുന്നതും കേൾക്കുന്നതും ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേര് ഹിന്ദിയിൽ പഠിക്കുക. | • വീട്ടിൽ ഉപയോഗിക്കുന്ന ഗൃഹോപകരണങ്ങൾ ഉൾപ്പെടുത്തി വസ്തുക്കളുടെ പട്ടിക ഹിന്ദിയിൽ തയ്യാറാക്കുക.<br>• ICT സഹായത്തിലൂടെ വസ്തുക്കളും വാക്കുകളും പരിശീലിക്കാനുള്ള അവസരം | Sept. to Oct. | ഹിന്ദി നിഘണ്ടു | PTA<br>BRC<br>Resource Teachers |

# അക്കാദമിക് മാസ്റ്റർപ്ലാൻ - ഹിന്ദി

| SL NO. | Programme | Activity | Duration | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 3. | ആശയങ്ങൾ തെറ്റുകൂടാതെ പ്രകടിപ്പിക്കാനും സർഗാത്മകരചനകൾ വികസിപ്പിക്കാനുമുള്ള അവസരം (സുരീലി-ഹിന്ദി) | • ഹിന്ദി അസംബ്ലി<br>• ദിനാചരണങ്ങൾ (പ്രത്യേകിച്ച് sept. 14, Jan-10)<br>• class ലൈബ്രറി<br>• അധികവായന സാമഗ്രികൾ<br>• ചിത്രസഹായത്തോടെ ചിത്രകഥ തയ്യാറാക്കൽ<br>• ചിത്രം-അടിക്കുറിപ്പ്<br>• ചിത്രം-കഥ പറയൽ<br>• ചിത്രം-കഥ എഴുതൽ<br>• കഥ ബാക്കി എഴുതൽ<br>• വായനാമൂല<br>• ഹിന്ദിക്കൂട്ട് പ്രവർത്തനങ്ങൾ | Nov. to Feb. | പുസ്തകങ്ങൾ | BRC<br>DIET<br>PTA<br>SCERT |

# മേഖല - ഹൈസ്കൂൾ - ഹിന്ദി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1, രാഷ്ട്രഭാഷയോടുള്ള അഭിരുചി വർദ്ധിപ്പിക്കുന്നു. | കഥാവായന, കവിതവായന എന്നിവയ്ക്ക് അവസരം നൽകുന്നു. | ജൂൺ മുതൽ | ഹിന്ദി അദ്ധ്യാപകർ | |
| 2, മാതൃഭാഷയെപോലെ ഹിന്ദിയും നിർഭയം കൈകാര്യം ചെയ്യാൻ പ്രാപ്തരാക്കുക. | പാഠഭാഗവുമായി ബന്ധപ്പെട്ട് പ്രസിദ്ധ സാഹിത്യകാരന്മാരുടെ കഥകൾ, നോവലുകൾ സിനിമകൾ എന്നിവ കാണിക്കുവാൻ അവസരം നൽകുന്നു. | ജൂൺ മുതൽ | ഹിന്ദി അദ്ധ്യാപകർ | |
| 3, വിവർത്തകർ, വാർത്താ വായനക്കാർ, ജേർണലിസ്റ്റുകൾ തുടങ്ങിയ ജോലിക്കായി കുട്ടികളെ പ്രാപ്തരാക്കുക. | ഹിന്ദി മാതൃഭാഷയായിട്ടുള്ള പ്രദേശങ്ങളിലേക്ക് പഠനയാത്രകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | ഹിന്ദി അദ്ധ്യാപകർ | രക്ഷിതാക്കൾ |
| | പ്രശസ്ത ജേർണലിസ്റ്റുകളുമായുള്ള അഭിമുഖം സംഘടിപ്പിക്കുന്നു. | ,, | ,, | പി.ടി.എ |

## മാസ്റ്റർ പ്ലാൻ സംസ്കൃതം UP, HS

### മേഖല യു.പി എച്ച്.എസ് സംസ്കൃതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| UP, HS തലത്തിലെ എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും പദങ്ങളും ഉറപ്പിക്കൽ | • അക്ഷരം എഴുത്ത്<br>• ചിഹ്നം ഉറപ്പിക്കൽ<br>• അക്ഷര കാർഡ്<br>• വാക്യങ്ങൾ എഴുതിയ കാർഡ്<br>അക്ഷരമാലകളികൾ | ജൂൺ ആഗസ്റ്റ് | ടീച്ചർ | |
| വീട് ഒരു പരീക്ഷണശാല കാണുന്നതും കേൾക്കുന്നതും ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേര് സംസ്കൃതത്തിൽ പഠിക്കുക. | വീട്ടിൽ ഉപയോഗിക്കുന്ന വസ്തുക്കളുടെ പട്ടിക സംസ്കൃതത്തിൽ തയ്യാറാക്കുക.<br>ICT സഹായത്തിലൂടെ വസ്തുക്കളും വാക്യങ്ങളും പരിശീലിക്കാനുള്ള അവസരം | സെപ്റ്റംബർ ഒക്ടോബർ | ടീച്ചർ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വായനാ ലോകം കുട്ടിയെ വായനയുടെ ലോകത്തേക്ക് കൊണ്ടുവരൽ | തിരഞ്ഞെടുത്ത ലളിതമായ പുസ്തകശേഖരത്തിലൂടെ സംസ്കൃത ലൈബ്രറി സജ്ജീകരിക്കുക.<br>ഓരോ സംസ്കൃത പിരിഡുകളിൽ ആദ്യത്തെ 5 മിനുറ്റ് ഒരു പേജ് വീതംവെച്ച് വായിക്കുക | 6 മാസം | | |
| കരിക്കുലം ലക്ഷ്യം വയ്ക്കുന്ന സംസ്കൃത ഭാഷാ പഠനനേട്ടങ്ങൾ | ക്ലബ്ബ് രൂപീകരണം പഠനോപകരണ നിർമ്മാണം.<br>കലണ്ടർ നിർമ്മാണം<br>ഗൃഹ സന്ദർശനം<br>പഠന യാത്ര | ജൂൺ മാർച്ച് | | |
| മത്സര പരീക്ഷകൾക്ക് തയ്യാറാക്കൽ | ആനുകാലികങ്ങൾ വായിക്കാൻ നല്കുന്നു<br>മാതൃകാചോദ്യ പേപ്പറുകൾ തയ്യാറാക്കുന്നു. | ജൂൺ മാർച്ച് | ടീച്ചർ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- |
| ആസ്വാദനലോകം, ഒരോ കുട്ടിയുടെയും ആസ്വാദനശേഷി വർദ്ധിപ്പിക്കുന്നു. | • നാടകം, കൂത്ത് തുടങ്ങിയവയുടെ വീഡിയോ കാണുന്നതിന് അവസരം നൽകുന്നു<br>• എഴുതാനും പറയാനും കഴിവുള്ള കുട്ടികളെ കണ്ടെത്തി അവർക്ക് അവസരം നൽകുന്നു. | 5 ദിവസം | ടീച്ചർ | |
| പ്രത്യേക പരിഗണന അർഹിക്കുന്നവർക്കായുള്ള പ്രവർത്തനം | പ്രത്യേക പരിഗണന അർഹിക്കുന്ന ഉപകാരപ്രദമായ പഠനോപകരണം നിർമ്മിക്കുന്നു. പ്രത്യേക ക്ലാസുകൾ നൽകുന്നു. | ജൂൺ മാർച്ച് | ടീച്ചർ | |

Subject : English

| Aims | Activities | Duration | Duty | |
|---|---|---|---|---|
| To improve listening skill | • Listening to poems (ICT)<br>• English News channels and Radio<br>• Watching English movies, Documentary, interviews.<br>• Skit and conversation<br>• Listening to phonetic sounds<br>• Language games | June to August<br>Daily | Class teacher<br>English teacher. | |
| To improve speaking skill. | • English Day<br>• English Assembly<br>• Game instruction<br>• Skit and conversation | August to October<br>Weekly<br>Daily | Class teacher<br>English teacher. | |

| | | | | | |
|---|---|---|---|---|---|
| | · Day celebration<br>· Speech on different topics<br>· Conducting Quiz competitions<br>· Conducting group discussions. | Daily<br>monthly<br>monthly | | | |
| To improve reading skill | · Library<br>· Reading corner in the class<br>· Newspaper reading<br>· Picture reading<br>· Journals of great personalities.<br>· Reading signboards and posters (ICT)<br>· Using reading materials effectively. | Daily | Class teacher<br>English teacher. | | |

| | | | | | |
|---|---|---|---|---|---|
| To improve writing skill. | . Wall magazines<br>. writing letters on postal cards<br>. Self Dictinary,<br>. Poster making<br>. Hand writing competition<br>. English magazine<br>. Caption writing<br>. Dairy writing.<br>. Editing different discourses<br>. Story writing<br>. Designing greeting and invitation cards (ICT)<br>. Hand writing competition, Making riddles and puzzles | December to March<br>Weekly<br>Monthly<br><br>Weekly<br>monthly<br>Weekly<br><br>Weekly<br><br>Weekly | Class teacher<br><br>English teacher | | |

ഗണിതം . U.P.

| ലക്ഷ്യം | പ്രവർത്തനങ്ങൾ. | കാലം | ചുമതല | സാമ്പത്തിക വിശകലനം. |
|---|---|---|---|---|
| 1. അടിസ്ഥാന ഗണിതക്രിയകൾ ഉള്ളടക്കം പഠിതാക്കൾക്കും ഉറപ്പ് വരുത്തുന്നു. | ഗണിതശിൽപ്പശാല. കളിരീതിയിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു. (നമ്പർകാർഡ്, മുത്തുകൾ, ഫ്ലാഷ് കാർഡ്, ... ഉപയോഗിക്കുന്നു. | ജൂൺ | ഗണിത അധ്യാപിക. | |
| 2. ജ്യോമെട്രിക്കൽ പാറ്റേൺ ഗണിതപഠനവും കരചലനശേഷികളുടെ വികാസവും. | ഗണിതശേഷി കൈവരിക്കുന്ന പരിശീലനം നൽകൽ. വിവിധ ചിത്രങ്ങൾ നിർമ്മിക്കുന്നു. പ്രദർശനം സംഘടിപ്പിക്കൽ. | വർഷത്തിൽ ഒരു പ്രാവശ്യം. | ഗണിത അധ്യാപിക. ഗണിതക്ലബ്ബ് അംഗം | ഗണിതക്ലബ്ബ് P.T.A. |
| 3. ഗണിത പഠനപ്രവർത്തനങ്ങൾ സുഗമമാക്കൽ. | ഗണിതലാബ് സജ്ജമാക്കൽ ലാബിൽ വച്ച് ഗണിതക്ലാസ് നടത്തൽ | ആവശ്യാനുസരണം. | ഗണിതക്ലബ്ബ് | |
| 4. ഗണിതം മധുരമാക്കൽ. | ഗണിത പാർക്ക്. ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി. വിദ്യാലയമുറ്റത്ത് പാർക്ക് സജ്ജമാക്കൽ. | | | |
| 5. ഗണിതമേഖലയിൽ കുട്ടികളുടെ താൽപ്പര്യം വർദ്ധിപ്പിക്കൽ. | ഗണിതപ്രേമം: ഗണിതത്തിൽ പ്രാവീണ്യമുള്ള അധ്യാപകരെ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് താൽപ്പര്യമുണ്ടാക്കുന്ന രീതിയിൽ ക്ലാസുകൾ കൈകാര്യം ചെയ്യുന്നു. | വർഷത്തിൽ അഞ്ചോ ആറോ തവണ. | ഗണിത അധ്യാപകർ ക്ലബ്ബ്, ലീഡർമാർ. | PTA. |
| 6. ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാസാധ്യതകൾ ഗണിതപഠനത്തിനായി പ്രയോജനപ്പെടുത്തുന്നു. | I.T. സാധ്യതകളിലൂടെ. ജ്യാമിതീയ രൂപങ്ങൾ, ചതുഷ്ക്രിയകൾ, ഇതുപോലുള്ള പ്രവർത്തനങ്ങൾ I.T സാധ്യതകൾ ഉപയോഗപ്പെടുത്തുന്നു. | മാസത്തിൽ ഒരു പ്രാവശ്യം. | | |

| | | | | |
|---|---|---|---|---|
| 7. ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിലെത്തിക്കുന്നു. | ഗണിത ക്ലിനിക്<br>ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി ഗണിത അധ്യാപകരും മുൻനിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് വേണ്ട മാർഗനിർദ്ദേശങ്ങൾ നൽകുന്നു. പോരായ്മകൾ കണ്ടെത്തി അവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു. | ആഴ്ചയിൽ ഒരു പിരീഡ്. | ഗണിത അധ്യാപകർ, സമർത്ഥരായ കുട്ടികളും | |
| 8. വിവിധ ശേഷികളുടെ വികസനം. | ദിനാചരണം.<br>ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ SRG യിൽ രൂപപ്പെടുത്തുന്നു. നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു. | ആവശ്യാനുസരണം. | SRG. | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | | |
|---|---|---|---|---|
| 1) ശരിയായി ഇംഗ്ലീഷ് ശ്രവിക്കാനും അനായാസം സംസാരിക്കുവാനും അവസരം ഒരുക്കുന്നു | **Lend Your Ear-** ലളിതവും രസകരവുമായി ഇംഗ്ലീഷ് റെക്കോർഡ് ചെയ്ത് കേൾപ്പിക്കുന്നു. ബന്ധപ്പെട്ട ചോദ്യങ്ങൾക്ക് അനുയോജ്യമായ ഉത്തരങ്ങൾ നൽകുവാൻ കുട്ടിയെ പ്രോത്സാഹിപ്പിക്കുന്നു. | ജൂലൈ | ഇംഗ്ലീഷ് അധ്യാപകൻ | ഇംഗ്ലീഷ് ക്ലബ്ബ് |
| | **Follow Me If You Can!** ഇംഗ്ലീഷിൽ നൽകുന്ന നിർദ്ദേശങ്ങൾക്കനുസരിച്ച് പ്രവർത്തിക്കുവാനുള്ള പരിശീലനം | ജൂൺ | ഇംഗ്ലീഷ് അധ്യാപകർ | |
| | **Breaking News** ഇംഗ്ലീഷ് റേഡിയോ ന്യൂസ് റെക്കോർഡ് ചെയ്ത് കേൾപ്പിക്കുന്നു. ശരിയായ ഉച്ചാരണം ശ്രവിക്കുവാൻ അവസരം ഒരുക്കുന്നു. | നവംബർ | ഇംഗ്ലീഷ് അധ്യാപകർ | |
| | **Missing Man** അധ്യാപികയും വിദ്യാർത്ഥിയും തമ്മിലുള്ള സംഭാഷണം റെക്കോർഡ് ചെയ്ത് കുട്ടികളെ കേൾപ്പിക്കുന്നു. തുടർന്ന് അധ്യാപികയുടെ സംഭാഷണം നീക്കം ചെയ്ത് കുട്ടിയുടെ സംഭാഷണം മാത്രം കേൾപ്പിക്കുന്നു. അധ്യാപികയുടെ ഭാഗം മറ്റ് കുട്ടികൾക്ക് അവതരിപ്പിക്കു | ജൂൺ | ഇംഗ്ലീഷ് അധ്യാപകർ | |
| | **Treasure Hunt** വ്യത്യസ്തമായ വസ്തുക്കൾ ഉപയോഗിച്ച് വിരിന്ന അറകളാക്കുന്നു. ഓരോ അറകൾക്കും നമ്പർ നൽകി നറുക്കെടുപ്പിലൂടെ ലഭിക്കുന്ന വസ്തുവിനെ കുറിച്ച് വർണ്ണിക്കുന്നു. വസ്തു എന്തെന്ന് മറ്റ് കുട്ടികൾ തിരിച്ചറിയുന്നു. പോയിന്റ് നൽകുന്നു. | ആഗസ്ത് | ഇംഗ്ലീഷ് അധ്യാപകർ | |

| | | | | |
|---|---|---|---|---|
| | | | | |
| | **Meet the Foreigner** തനത് ഭാഷ സംസാരിക്കുന്ന വ്യക്തികളുമായി ആശയ വിനിമയം നടത്തുവാനുള്ള | വർഷത്തിൽ ഒരു തവണ | ഇംഗ്ലീഷ് അധ്യാപകർ | |
| | **One Man Show** ആശയം നൽകി ഇംഗ്ലീഷിൽ ഏകാഭിനയത്തിന് പ്രോത്സാഹനം നൽകുന്നു. | ഒക്ടോബർ | ഇംഗ്ലീഷ് അധ്യാപകർ | |
| 2) ഭാവാത്മക വായന പരിശീലിപ്പിക്കുന്നു | **I Too Can !!** വ്യത്യസ്ത തലങ്ങളിലായി വിവിധ വായന കാർഡുകൾ ക്രമീകരിക്കുന്നു. തെറ്റുകൂടാതെ വായിക്കുവാൻ അവസരം നൽകുന്നു. (ലളിതമായതിൽ നിന്നും സങ്കീർണ്ണമായതിലേക്ക്) | ജൂലൈ | ഇംഗ്ലീഷ് അധ്യാപകർ | |
| | **Leaning Ladder** പാഠഭാഗത്തിൽ നിന്നും തിരഞ്ഞെടുത്ത കുറച്ച് വാക്കുകൾ ചാർട്ടിലെഴുതി കണ്ണാടിയിൽ നിന്നും വായിക്കുവാൻ കുട്ടികൾക്ക് അവസരം നൽകുന്നു. മുഴുവൻ വാക്കുകളും ശരിയായി കണ്ടെത്തുന്നവർക്ക് പരിപാടിയായി ഏണിയുടെ ഉയരങ്ങൾ കീഴടക്കാൻ സാധിക്കുകയും ഒളിഞ്ഞിരിക്കുന്ന സമ്മാനം ലഭിക്കുകയും ചെയ്യുന്നു. | സെപ്തംബർ | ഇംഗ്ലീഷ് അധ്യാപകർ | |
| | F.M.Corner വ്യത്യസ്തമായ കഥകൾ Reader's Theatre റേഡിയോ ഡ്രാമ രൂപത്തില് അവതരിപ്പിക്കാൻ അവസരം നൽകുന്നു | ടേമിൽ ഒരു തവണ | ഇംഗ്ലീഷ് അധ്യാപകർ | |
| | **Reader of the Month** ഇംഗ്ലീഷ് ദിനപത്രം വായിക്കുവാൻ അവസരം നൽകി. **Reader of the Month** നെ ആദരിക്കുന്നു. | മാസം തോറും | ഇംഗ്ലീഷ് അധ്യാപകർ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 3) തെറ്റ് കൂടാതെ ഇംഗ്ലീഷ് എഴുതാൻ പ്രാപ്തരാക്കുന്നു | **My Droplets** കുട്ടികളുടെ കലാസൃഷ്ടി ഉൾപ്പെടുത്തി ക്ലാസ് മാഗസിൻ മിനി ഡിക്ഷണറി എന്നിവ തയ്യാറാക്കുന്നു. | വർഷാവസാനം | ഇംഗ്ലീഷ് അധ്യാപകർ | |
| | **Alert Zone** സൂചന ബോർഡുകൾ, പോസ്റ്ററുകൾ, നോട്ടീസുകൾ എന്നിവ സ്കൂൾ അന്തരീക്ഷത്തിലും ക്ലാസ് റൂമുകളിലുമായി പ്രദർശിപ്പിക്കുന്നു. | ദിനാചരണങ്ങളിൽ | ഇംഗ്ലീഷ് അധ്യാപകർ | |
| | **Run Baby Run** ക്ലാസിനെ ഗ്രൂപ്പുകളാക്കുന്നു. ചാർട്ടിലെഴുതി പ്രദർശിപ്പിച്ച വാക്കുകൾ ഒരു പ്രാവശ്യം വായിച്ചതിനു ശേഷം മറ്റൊരു ചാർട്ടിലേക്ക് തെറ്റുകൂടാതെ എഴുതുന്നു. ഏറ്റവും ആദ്യം വാക്യങ്ങൾ തെറ്റുകൂടാതെ എഴുതിയ ഗ്രൂപ്പിനെ വിജയിയായി പ്രഖ്യാപിക്കുന്നു. | ഫെബ്രുവരി | ഇംഗ്ലീഷ് അധ്യാപകർ | |
| | **Fun time Funda** കടംകഥകൾ, കുസൃതി ചോദ്യങ്ങൾ, ഫലിതങ്ങൾ എന്നിവ തയ്യാറാക്കി ക്ലാസിൽ അവതരിപ്പിക്കു | എല്ലാ ഇംഗ്ലീഷ് പിരീഡും | ഇംഗ്ലീഷ് അധ്യാപകർ | |
| 4) ഇംഗ്ലീഷ് ഭാഷയോടുള്ള ആത്മവിശ്വാസം ഉയർത്തുന്നു | **The Grand Camp** ഇംഗ്ലീഷിൽ പ്രാവീണ്യമുള്ള രക്ഷിതാക്കളെയും സമൂഹത്തിലെ മറ്റ് വ്യക്തികളെയും ഉൾപ്പെടുത്തി ഇംഗ്ലീഷ് അന്തരീക്ഷം സൃഷ്ടിച്ച് ഒരു ഇംഗ്ലീഷ് ക്യാമ്പ് നടത്തുന്നു. 5,6,7 ക്ലാസിലെ കുട്ടികൾക്ക് വൈവിധ്യമാർന്ന പരിപാടികളുമായി മുന്നോട്ട് വരാൻ അവസരം<br><br>അഞ്ചാം ക്ലാസിനായി കഥപറയൽ, കഥയെഴുത്ത് ആറിന് Role play നാടകം എന്നിവ പ്രച്ഛന്നവേഷമായി ഏഴാം ക്ലാസിന് കവിതയുടെ പ്രസംഗം തുടങ്ങിയവ ക്യാമ്പിന് ഒടുവിൽ ഡോക്യുമെന്ററി / ഫിലിം ഷോ | വർഷാവസാനം | ഇംഗ്ലീഷ് അധ്യാപകർ, പി.ടി.എ. ഭാരവാഹികൾ, രക്ഷിതാക്കൾ | |

# SCIENE - ACADAMIC MASTER PLAN

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1. പഠന പിന്നോക്ക അവസ്ഥയിൽ ഉള്ള കുട്ടികൾക്ക് പ്രത്യേക പരിശീലനം. | അധ്യാപകൻ - കുട്ടി - Peer group എന്നിവരെ 2 തലത്തിൽ പരിശീലനം നൽകുന്നു. 3½ - ക്ക് ശേഷമുള്ള അധിക സമയം ഇതിനായി ഉപയോഗിക്കും | വർഷത്തിൽ ഉടനീളം | Science Tr SRG | |
| 2. മോഡൽ നിർമ്മാണം. | രസതന്ത്രം, ഭൗതികശാസ്ത്രം, ജൈവിക ശാസ്ത്രം എന്നിവയുമായി ബന്ധപ്പെട്ട വിവിധ Model-കൾ നിർമ്മിക്കൽ | " | SRG Science Tr | |
| 3 കുട്ടികളിൽ ശാസ്ത്ര അഭിരുചി വളർത്തൽ | ശാസ്ത്രജ്ഞർ ചെയ്തിട്ടുള്ള പരീക്ഷണങ്ങളുടെ അവതരണം<br>Improvised Expt - class തലം<br>• School തല Science exhibition<br>• ഗവേഷണാത്മക Project ഏറ്റെടുക്കുന്ന പ്രവർത്തനം | പഠനോത്സവത്തിൽ വെച്ച് | | PTA |

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| | · Seminar · Ways to reduce road accidents | 2 week | Science club SRG | |
| 4. ശാസ്ത്രലാബ് നവീകരണം | · Science lab-ൽ ആവശ്യമായ ഉപകരണം list ചെയ്യുന്നു · Lab ക്രമീകരിക്കൽ · | May June | Science tr. HM Sr. | PTA |
| 5 ശാസ്ത്രമേളകളിൽ പൂർണ്ണ പങ്കാളിത്തം ഉറപ്പു വരുത്തുന്നു | ശാസ്ത്രമേളകളിൽ പങ്കെടുക്കുന്ന കുട്ടികൾക്ക് പരിശീലനം പ്രോത്സാഹനം നൽകുന്നു | Sept, Oct 2 മാസം | Science tr. SRG | |
| 6 ശാസ്ത്രബോധം വളർത്താനുള്ള പ്രവർത്തനങ്ങൾ | ശാസ്ത്രപുസ്തകങ്ങൾ പ്രദർശിപ്പിക്കൽ ശാസ്ത്ര ലേഖനം, ശാസ്ത്രജ്ഞന്മാർ എന്നിവ പ്രദർശിപ്പിക്ക. | Academic year | Science tr. | |

| വിഷയം | പ്രവർത്തനം | കാലം | ചുമതല | സഹായത്തിന് |
|---|---|---|---|---|
| ജൈവവിത്ത് നേടൽ, കൃഷിയിൽ സ്വയം പര്യാപ്തത നേടൽ | നാടൻ വിളകൾ നട്ടു പിടിപ്പിക്കൽ, ഉച്ച ഭക്ഷണത്തിന് ഒരു ദിവസത്തേക്കും പച്ചക്കറിയോടും ഫലം നിർമ്മിക്കൽ ജൈവകമ്പോസ്റ്റ് ഉൽപ്പന്നം നിർമ്മിക്കൽ | Academic Year | Science club. JRC. | കൃഷിഭവൻ PTA |
| സംസ്ഥാന ദേശീയ തലത്തിലുള്ള ക്വിസ്, സെമിനാർ Project | VIP, SIP ഉന്നതനിലയിൽ പങ്കാളി ആക്കുകൽ | " | Science club SRG. | |
| Plastic നിരോധിത ക്യാമ്പസ്. | | | | |
| ദിനാചരണങ്ങൾ ആഘോഷിക്കൽ | ശാസ്ത്രവുമായി ബന്ധപ്പെട്ട ദിനങ്ങൾ ആചരിക്കൽ. | Academic Year | Science club SRG Conven | |
| രോഗമുക്ത വിദ്യാലയം. ആരോഗ്യം, ശുചിത്വം | പരിസര ശുചിത്വം വ്യക്തി ശുചിത്വം. കുട്ടികൾക്കും രക്ഷിതാക്കൾക്കും ആരോഗ്യക്ലാസ്സ്, വൈദ്യ പരിശോധന. ജീവിത ശൈലീ രോഗങ്ങൾ ബോധവൽക്കരണം | | Science club | PHC. ICDS. |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) സാമൂഹിക ശാസ്ത്രത്തിന്റെ അടിസ്ഥാനതല അറിവുകൾ, ആശയങ്ങൾ ഇവ പരിശോധിക്കൽ നേടിയെടുക്കൽ | **അങ്കത്തട്ട് - കളിയിൽ നിന്ന് - കാര്യത്തിലേക്ക്**<br>സാമൂഹ്യ ശാസ്ത്രവുമായി ബന്ധപ്പെട്ട് പഠിതാവിന്റെ അടിസ്ഥാനതല അറിവ് പരീക്ഷിക്കുന്നതിന് പ്രഹേളികകൾ ഓരോ പഠിതാവിനും നൽകുന്നു. | അക്കാദമിക - വർഷാരംഭം (ജൂൺ) | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| | **ഓർമ്മച്ചെപ്പ്**<br>അന്തർദേശീയ തലം മുതൽ ജില്ലാതലം വരെയുള്ള നദികൾ, ഭൂപ്രകൃതി, തലസ്ഥാനങ്ങൾ, വൈവിധ്യങ്ങൾ തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ - ആസ്പദമാക്കി ICT സാധ്യതകളുപയോഗിച്ച് Memory test നടത്തുന്നു. | അക്കാദമിക - വർഷാരംഭം (ജൂൺ) | സാമൂഹ്യ-ശാസ്ത്ര അധ്യാപകർ | |
| 2) പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കി മാറ്റിയെടുക്കുക. | **Virtual Field Trip**<br>ICT സാധ്യതകളുപയോഗിച്ച് ലോകത്തിലെ ചരിത്ര പ്രാധാന്യമുള്ള | അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |

| | | | | |
|---|---|---|---|---|
| | സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച് കുട്ടികളിൽ ചരിത്രാവബോധം വളർത്തുന്നു | | | |
| 3) ജനാധിപത്യപരമായ ജീവിത സമീപനം രൂപപ്പെടുത്തുക | വിദ്യാലയത്തിൽ നിന്ന് അരങ്ങത്തേക്ക്<br>ഗ്രാമസഭ, വാർഡ് സഭ എന്നിവയിൽ മാതാപിതാക്കളോടൊപ്പം പങ്കെടുത്ത് ജനാധിപത്യ രീതിയുടെ അടിസ്ഥാനതലം മനസിലാക്കുന്നു | അക്കാദമിക - വർഷാരംഭം | സാമൂഹ്യ - ശാസ്ത്ര അധ്യാപകർ | |
| 4) പ്രകൃതി ദുരന്തങ്ങളെക്കുറിച്ച് മനസിലാക്കി രക്ഷാപ്രവർത്തനങ്ങളിൽ - ഏർപ്പെടാൻ പഠിതാക്കളെ ബോധവാന്മാരാക്കുന്നു. | പ്രകൃതി താണ്ഡവം ; നേർക്കാഴ്ച<br>ഭൂകമ്പം, സുനാമി, കൊടുങ്കാറ്റ്, വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ എന്നിവയുടെ ഭീതിജനകമായ ദൃശ്യങ്ങളിലൂടെ പ്രകൃതി ദുരന്തങ്ങളുടെ തീവ്രതയെക്കുറിച്ച് മനസിലാക്കുകയും അഗ്നിശമന സേന ഉദ്യോഗസ്ഥരുടെ സഹായത്തോടെ Demonstration ക്ലാസുകൾ സംഘടിപ്പിക്കുകയും രക്ഷാപ്രവർത്തനങ്ങളിൽ - ഏർപ്പെടുന്നതിന് പഠിതാക്കളെ | അക്കാദമിക - വർഷാരംഭം | സാമൂഹ്യ - ശാസ്ത്ര അധ്യാപകർ. | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| | ബോധവാന്മാരാക്കുകയും ചെയ്യുന്നു. | | | |
| 5) സഹജീവികളോട് സമഭാവന വളർത്തി എടുക്കാൻ പ്രോത്സാഹിപ്പിക്കുന്നു. | നന്മയുടെ നുറുങ്ങുവെട്ടം<br>പ്രകൃതി ദുരന്തങ്ങൾ സംഭവിച്ച സ്ഥലങ്ങൾ, ഇരകളായ വ്യക്തികൾ എന്നിവരെ സന്ദർശിച്ച് വിദ്യാർത്ഥികൾക്ക് അവരാൽ കഴിയുന്ന സേവനം ചെയ്യാൻ അവസരം നൽകുന്നു. മിതവ്യയ ശീലത്തിന്റെ ഭാഗമായി കുട്ടികൾ സ്വരൂപിച്ച സാധന സാമഗ്രികൾ ദുരന്തബാധിത പ്രദേശങ്ങളിൽ ആശ്വാസഹസ്തമാകുന്നു. | അക്കാദമിക വർഷം | സാമൂഹ്യ-ശാസ്ത്ര അധ്യാപകർ | പി.ടി.എ |
| 6) വിവരവിനിമയ-സാങ്കേതിക വിദ്യ-യുടെ ദുരുപയോഗങ്ങളെക്കുറിച്ചും റോഡ് സുരക്ഷയെക്കുറിച്ചും വിദ്യാർത്ഥികളെ - ബോധവാന്മാരാ-ക്കുന്നു. | ചിലന്തിവലയിൽ നിന്ന് കുതിച്ചുചാട്ടം<br>സാമൂഹ്യ ശാസ്ത്ര ക്ലബിന്റെ ആഭിമുഖ്യത്തിൽ സൈബർ സുരക്ഷ ഉദ്യോഗസ്ഥരുടെയും ട്രാഫിക് പോലീസിന്റെയും സഹായത്തോടെ കുട്ടികൾക്കും രക്ഷിതാക്കൾക്കും റോഡ് സുരക്ഷ, സൈബർ കുറ്റകൃത്യം എന്നീ വിഷയങ്ങളിൽ ബോധ-വത്ക്കരണ ക്ലാസുകൾ സംഘടിപ്പി-ക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യ-ശാസ്ത്ര അധ്യാപകർ | |

| | | | | |
|---|---|---|---|---|
| 7) സുസ്ഥിര- വികസന കാഴ്ചപ്പാട് രൂപപ്പെടുത്തുന്നു. | കാടെവിടെ മക്കളേ ?(ഫീൽഡ് - ട്രിപ്പ്, സർവ്വേ)<br>പരിസ്ഥിതി ചർച്ചയ്ക്ക് കാരണമാകുന്ന മനുഷ്യന്റെ ഇടപെടലുകൾക്ക് വിധേയമായ കാവുകൾ, കണ്ടൽക്കാടുകൾ, തണ്ണീർ തടങ്ങൾ, ജലാശയങ്ങൾ, കാടുകൾ എന്നിവ സന്ദർശിച്ച് സർവ്വേ നടത്തി റിപ്പോർട്ട് തയ്യാറാക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യ - ശാസ്ത്ര അധ്യാപകർ | സാമൂഹ്യ-ശാസ്ത്ര ക്ലബ്ബ് |
| 8) സാമൂഹ്യ ശാസ്ത്ര - വിഷയത്തിലൂടെ പഠിതാക്കളെ അന്തർദേശീയ നിലവാരത്തിലേക്ക് എത്തിക്കുന്നു. | പുതുചക്രവാളത്തിലേക്ക്<br>സിവിൽ സർവ്വീസ് പരീക്ഷയെഴുതാൻ പ്രാപ്തി നേടും വിധം അറിവിന്റെ മാസ്മരികലോകം സൃഷ്ടിക്കുന്ന, മത്സരബുദ്ധിയോടെ പൊതുവിജ്ഞാനം വളർത്താൻ സഹായിക്കുന്ന ഉത്തരങ്ങൾ നിമിഷനേരം കൊണ്ടെത്തുന്ന രീതിയിലുള്ള ചോദ്യോത്തരവേളകൾ ക്വിസുകൾ എന്നിവ സംഘടിപ്പിക്കുന്നു. | അക്കാദമിക - വർഷം | സാമൂഹ്യ -ശാസ്ത്ര അധ്യാപകർ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം. |
|---|---|---|---|---|
| 1. ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ. | ജൈവവൈവിധ്യ പാർക്ക്. ഔഷധത്തോട്ടം, പച്ചക്കറിതോട്ടം, കുളം എന്നിവ ഉൾക്കൊള്ളിച്ച് കൊണ്ടുള്ള ജൈവവൈവിധ്യ പാർക്ക്. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | P.T.A. |
| | കണ്ടറിയാനൊരു യാത്ര. കാട്, പുഴ, തോട് എന്നിവയെ അറിയാൻ. | ജൂലൈ | | |
| | പരീക്ഷണക്കളരി. നിത്യജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി രസകരമായ ലഘുപരീക്ഷണം. പരീക്ഷണക്കിറ്റുകൾ | ജൂൺ മുതൽ. | | |
| 2) ശാസ്ത്രപ്രക്രിയാ ശേഷി വികസിപ്പിക്കുക, ആധുനിക ശാസ്ത്രോപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള കഴിവ് വർധിപ്പിക്കുക. | ശാസ്ത്രക്ലബ്ബ്, ഇക്കോക്ലബ്ബ് ഇവയുടെ അടിസ്ഥാനത്തിൽ വിവിധ ശാസ്ത്ര ആശയങ്ങളുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ സെമിനാറുകൾ തയ്യാറാക്കി അവതരിപ്പിക്കുന്നു. | അക്കാദമിക വർഷം. | ശാസ്ത്രാധ്യാപകർ | PTA, സയൻസ്ക്ലബ്ബ് |
| | ശാസ്ത്രചുമർ. ശാസ്ത്ര പാഠഭാഗവുമായി ബന്ധപ്പെട്ട് ശാസ്ത്ര വിസ്മയചുമർ. | | | |
| | ശാസ്ത്രശില്പശാലകൾ, ശാസ്ത്രപതിപ്പ് | | | |
| 3) ശാസ്ത്രരംഗത്തെ നൂതന ആശയങ്ങൾ ആധുനികശാസ്ത്രസാങ്കേതികവിദ്യയുടെ സാധ്യതകളുമായി ബന്ധപ്പെടുത്തു | ICT യുടെ സഹായത്തോടെ ശാസ്ത്രവിസ്മയം കുട്ടികളിൽ എത്തിക്കുന്നു. | അക്കാദമിക വർഷം | | സയൻസ്ക്ലബ്ബ് |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പഠിതാക്കളെ ചരിത്ര അവബോധം ഉള്ളവരാക്കുക | ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളിലേക്ക് ഫീൽഡ് ട്രിപ്പ് നടത്തുക. | അക്കാദമിക വർഷം മുഴുവൻ നടത്തുന്നു. | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| ചരിത്ര ബോധത്തിൽ നിന്ന് ഭാവി രൂപപ്പെടുത്തുക. | വയൽ കിളികൾ - അടിസ്ഥാന അറിവുകൾ ഇല്ലാത്ത കുട്ടികളെ കേന്ദ്രീകരിച്ച് പ്രത്യേക പഠന module നൽകുന്നു. | | | |
| ജനാധിപത്യം ഒരു ജീവിത ശൈലിയാക്കി മാറ്റുക<br>പൗരബോധം, മൂല്യ ബോധം ഇവ വളർത്തുക | ഒന്നായി നമ്മൾ - സ്കൂൾ പാർലമെന്റ്, മോക് പാർലമെന്റ്, പൗരബോധം, സാമൂഹ്യബോധം, സേവനം ഇവയുള്ള പ്രവർത്തനം നടത്തുന്നു. | പ്രത്യേകം തിരഞ്ഞെടുത്ത ദിനങ്ങളിൽ | സാമൂഹ്യശാസ്ത്ര അധ്യാപകർ. | സ്കൂൾ കുട്ടികൾ സുമനസ്സുകൾ |
| സാമൂഹ്യശാസ്ത്ര പരീക്ഷണ നിരീക്ഷണം നടത്തുക. | സ്റ്റാർട്ട് അപ്പ് - ലാബുകൾ കേന്ദ്രീകരിക്കുന്ന ആകാശക്കാഴ്ച, കൗതുകം എന്നിവ ഉണർത്തുന്ന പ്രവർത്തനങ്ങൾ | വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര അധ്യാപകർ. | PTA Management |
| ഗവേഷണം, സർഗ്ഗാത്മകത എന്നിവ വളർത്തി ക്രിയാത്മക പ്രവർത്തനത്തിലൂടെ വളരുക. | സർവ്വേ, പ്രോജക്ട്, ചർച്ച, സംവാദം ക്ലാസ്, അഭിമുഖം എന്നിവയിലൂടെ കുട്ടികളെ വളർത്തുന്ന പ്രവർത്തനം നടത്തുന്നു. | | | social-science club |

EBENEZER HSS, RANNY

# ACCADEMIC MASTER PLAN

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1. ആശയ ധാരണ കൈവരിക്കൽ | പ്രീ ടെസ്റ്റ് നടത്തി ലിസ്റ്റ് തയ്യാറാക്കൽ | ജൂൺ ആദ്യവാരം | അധ്യാപകർ പിന്നോക്കം നിൽക്കുന്ന കുട്ടികൾ | |
| 2. നിർമിതികളിലെ ശേഷി കൈവരിക്കൽ ഗണിതാഭിരുചി വർദ്ധിപ്പിക്കൽ | ജ്യാമിതിപെട്ടിയുടെ ലഭ്യത, ശില്പശാലകൾ ഗണിത ക്വിസ്, ഗണിത ചാർട്ട്, പതാക നിർമ്മാണം ഗണിതം നിത്യജീവിതത്തിൽ, ഗണിത മാസിക, ഗണിത ശാസ്ത്രജ്ഞന്മാരുടെ ജീവചരിത്രം, ഗണിത ലാബുകൾ, മത്സരങ്ങൾക്ക് മത്സരം | തുടർ പ്രവർത്തനം ഹ്രസ്വകാലം | ഗണിത അധ്യാപകർ, ഗണിതശാസ്ത്ര വിദഗ്ധർ | |
| 3. ഐ.സി.ടി സാധ്യത ഉപയോഗപ്പെടുത്തിയുള്ള ഗണിത പഠനം | സ്വതന്ത്ര സോഫ്റ്റ്‌വെയർ ജിയോജിബ്ര തുടങ്ങിയ സങ്കേതങ്ങൾ ഉപയോഗിച്ച് ഗണിത പഠനം | | | |
| ചതുഷ്ക്രിയ ഉറപ്പിക്കൽ | ഗണിത കളികളിലൂടെയും വർക്ക്ബുക്ക്, ഗണിത വർക്ക്ഷീറ്റ് തുടങ്ങിയവയുടെ സഹായത്താൽ | ഹ്രസ്വകാലം | | |
| ബീജഗണിതം ആസ്വാദ്യമാക്കൽ | പ്രായോഗിക പ്രശ്നങ്ങൾ ബീജഗണിതം ഉപയോഗിച്ച് വിശദീകരിക്കുന്നു. സൂത്രങ്ങൾ പരിചയപ്പെടുത്തി പ്രവർത്തനങ്ങൾ ചെയ്യുന്നു. | ഹ്രസ്വകാലം | | |
| പ്രശ്ന നിർധാരണം ആസ്വാദ്യമാക്കൽ | പ്രായോഗിക പ്രശ്നങ്ങൾ ബീജഗണിതം ഉപയോഗിച്ച് വിശദീകരിക്കുന്നു സമാനമായ പ്രശ്നങ്ങൾ വിവിധ നിലവാരത്തിൽ ഉള്ളത് പരിശീലിപ്പിക്കുന്നു | | | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സംവിധാ |
|---|---|---|---|---|
| ക്രിയാത്മകത, കൃത്യ സൂക്ഷ്മത ഉപകരണങ്ങൾ കൈകാര്യം ചെയ്യുവാനുള്ള കഴിവ് വികസിപ്പിക്കൽ | ഗണിത ലാബ്, ഗണിത വർ- ഷോപ്പുകൾ പ്രവർത്തനങ്ങൾ ജ്യാമിതീയ പാറ്റേണുകൾ നിർമ്മിക്കുക, പതിപ്പ് തയ്യാറാക്കൽ ജിയോജിബ്ര പരിശീലനം | ഹ്രസ്വകാലം | അധ്യാപകൻ, മുന്നാക്കം നിൽക്കുന്ന കുട്ടികൾ | |
| പരീക്ഷാ പരിശീലനം | ചോദ്യപേപ്പർ നിർമ്മാണം ഓപ്പൺ ബുക്ക് ടെസ്റ്റ് പേപ്പറുകൾ സ്വയം വിലയിരുത്തൽ | | | |
| പഠനം വിനിമയം വ്യക്തിത്വ ബോധ ഉണ്ടാക്കാൻ ഗണിതാഭിരുചി വർദ്ധിപ്പിക്കുവാൻ, മാഗസിനുകൾ തയ്യാറാക്കുന്നതിനുള്ള ശേഷി | | | | |